**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 213/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

സ്ലീബാദാസ സമൂഹം സ്ഥാപിതമായിട്ട് ഒരു ശതാബ്ദം പിന്നിട്ടിരിക്കുകയാണല്ലോ. പ്രസ്ഥാനത്തിന്റെ ഭരണ കേന്ദ്രവും സ്ഥാപക പിതാവായ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ കബറിടം സ്ഥിതിചെയ്യുന്ന ഇടവുമായ കർമ്മേൽക്കുന്ന് ദയറായും സ്ഥാപിതമായിട്ട് ഏതാണ്ട് അത്രയും തന്നെ കാലം പിന്നിട്ടു കഴിഞ്ഞു. പ്രസ്ഥാനത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളായിരുന്ന ഏവരെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു.

സമൂഹ അംഗങ്ങളുടെ ആത്മീകവും ഭൗതികവും ആയ ജീവിത മേഖലകളിൽ അർത്ഥവത്തായ പുരോഗതി ഉണ്ടാകേണ്ടതിന്റെയും കർമ്മേൽ ദയറാ സഭാമക്കൾക്കും ആ പ്രദേശത്തുള്ളവർക്കും പ്രയോജനപ്പെടുന്ന ഒരു ധ്യാനമന്ദിരവും തീർത്ഥാടന കേന്ദ്രവും പഠന കേന്ദ്രവും ആയിത്തീരേണ്ട തിന്റെ ആവശ്യകതയും നമുക്ക് ബോധ്യമുള്ളതാണ്. ആയതിന് നേതൃത്വം നൽകുന്നതിന് പ്രസ്ഥാനം പ്രസിഡണ്ടായിരിക്കുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായോട് ചേർന്ന് പ്രവർത്തിക്കുവാൻ ഇപ്പോഴത്തെ ചുമതലക്കാരായ വൈസ് പ്രസിഡണ്ട് ഫാ. പി. കെ. തോമസ്, സെക്രട്ടറി ഫാ. ഡോ. സോമു കെ. സാമുവൽ എന്നിവർക്കുപുറമേ സി. ഇ. ഒ. ആയി ഫാ. തോമസ് മ്യാലിൽ, ഓഫീസ് സെക്രട്ടറി ആയി ഡീക്കൻ ബേസിൽ ബാബു എന്നിവരെയും ഇനി ഒരു കൽപന ഉണ്ടാകുന്നതുവരെ നാം ചുമതലപ്പെടുത്തി നിയമിച്ചിരിക്കുന്നു. ഓരോരുത്തരുടെയും പ്രത്യേകമായ ചുമതലകൾ പ്രസ്ഥാനം പ്രസിഡണ്ട് തിരുമേനി പ്രത്യേകം കൽപനയിലൂടെ നിശ്ചയിച്ച് ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതാകുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2025 സെപ്റ്റംബർ മാസം 10-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.